ഖുത്വ്ബ
14.12.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# നബി(സ) വിധികർത്താവ് എന്ന നിലയിൽ

**അ**ല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽ ഏറ്റവുമധികം പങ്കാളിയും, അല്ലാഹുവിന്റെ നിറത്തിൽനിന്ന് ഈ ലോകത്ത് ഏറ്റവും കൂടുതൽ തന്നിൽ നിറം പിടിപ്പിച്ച വ്യക്തിയും, മറ്റുള്ളവരെക്കാളെല്ലാം ദൈവികഗുണത്തിന്റെ യഥാർത്ഥ പ്രതീകവുമായ, ഖാത്തമുൽ അമ്പിയാഅ് മുഹമ്മദ് മുസ്തഫാ(സ)യുടെ ഹക്കീം അഥവാ വിധികർത്താവ് എന്ന വിശേഷഗുണത്തെക്കുറിച്ച് ഇനി ഞാൻ പറയുന്നതാണ്. ആ മഹാത്മാവിന്റെ ജനനം, ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനുള്ള കാരണമായിരുന്നു. ആ മഹാത്മാവിന്റെമേൽ അല്ലാഹുവും അവന്റെ മലക്കുകളും കാരുണ്യം ചൊരിയുന്നു. ആ മഹാത്മാവിന്റെ സ്ഥാനവും, അനുഗൃഹീതമായ വചനങ്ങളുടെ പ്രാധാന്യവും ഒരു സത്യവിശ്വാസിയുടെ ദൃഷ്ടിയിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. അതിലൊന്ന് മനഃപരിശുദ്ധിയ്ക്കുള്ള അധ്യാപനങ്ങളും യുക്തിപൂർവമായ കാര്യങ്ങളുമാണ്. ഇത് ആ മഹാത്മാവ് മുഖേന അല്ലാഹു പരിശുദ്ധഖുർആനിൽ നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു:

***കമാ അർസൽനാ ഫീക്കും റസൂലൻ മ്മിൻകും യത്‌ലൂ അലയ്ക്കും ആയാതിനാ വയുസക്കീക്കും വയുഅല്ലിമുക്കുമുൽ കിത്താബ വൽ ഹിക്‌മത്ത വയുഅല്ലിമുക്കും മ്മാലം തക്കൂനൂ തഅ്‌ലമൂൻ***. “നിങ്ങളിൽ നിന്നു തന്നെയുള്ള ദൈവദൂതനെ നാം നിങ്ങളിൽ അയച്ചതുപോലെ; അദ്ദേഹം നിങ്ങൾക്ക് നമ്മുടെ വചനങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങളെ ശുദ്ധീകരിക്കുകയും നിങ്ങളെ ഗ്രന്ഥവും (അതിന്റെ) യുക്തിയും പഠിപ്പിക്കുകയും നിങ്ങൾക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ നിങ്ങൾക്കറിയിച്ചുതരികയും ചെയ്യുന്നു (2:152).

മറ്റൊന്ന് ആ മഹാത്മാവിന്റെ ഓരോ കല്പനയും കർമ്മവും ഉപദേശവുമാണ്. അത് നിത്യവുമുള്ള മാമൂലുകൾ (പതിവ് പ്രവർത്തികൾ) തുടങ്ങി സാമൂഹികമായ മാമൂലുകൾവരെ പരന്നുകിടക്കുന്നു. ഇതിൽ ഓരോ കാര്യവും, ആ മഹാത്മാവിന്റെ ഓരോ കർമ്മവും ഓരോ ഉപദേശവും ഓരോ വാക്യവും ഓരോ വാക്കും യുക്തിയുൾക്കൊള്ളുന്നതാണ്. വാസ്തവത്തിൽ വിശുദ്ധഖുർആന്റെ യുക്തിനിർഭരമായ അധ്യാപനങ്ങളുടെ വ്യാഖ്യാനമാണ് ആ മഹാത്മാവിന്റെ വാക്കും പ്രവൃത്തിയും ഉപദേശങ്ങളും. നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും യുക്തിനിർഭരമാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നബി(സ)യുടെ ഈ മനോഹരമായ ജീവിതമാതൃക കാഴ്ചവെച്ചിട്ടുള്ളത്. ഇതിന്റെ പിന്നാലെ നടന്നുകൊണ്ട് നമുക്ക് തത്ത്വജ്ഞാനവും സൂക്ഷ്മബുദ്ധിയും വഹിക്കുന്നവരായിത്തീരാൻ കഴിയും. ***യത്‌ലൂ അലയ്ക്കും ആയാതിനാ*** എന്നു പറഞ്ഞുകൊണ്ട്, നിങ്ങളെ പരിശുദ്ധരാക്കുന്നതിനും നിങ്ങളുടെ ഗുണത്തിനും വേണ്ടി എന്തൊന്ന് ഈ നബി നിങ്ങളെ കേൾപ്പിക്കുന്നുവോ, അതൊന്നും യുക്തിരഹിതമാണെന്ന് നിങ്ങൾ മനസ്സിലാക്കരുതെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഈ നബി നിങ്ങളോട് കല്പിക്കുകയും ഉപദേശിക്കുകയും മാത്രമല്ല ചെയ്യുന്നത്. പ്രവർത്തിച്ച് മാതൃക കാണിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഈ പ്രിയപ്പെട്ട നബി സ്ഥാപിച്ച ജീവിതമാതൃകയനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു നിങ്ങളോട് കല്പിക്കുകയാണ്.

അതിനാൽ ഓരോ സത്യവിശ്വാസിയും നബി (സ) പറഞ്ഞിട്ടുള്ള ഓരോ കാര്യവും മനസ്സിലാക്കുകയും അതിൽ ചിന്തിക്കുകയും ചെയ്യേണ്ടതാണ്. വ്യക്തമായ നിലയിൽ മനസ്സിലാകുന്നില്ലെങ്കിലും, തീർച്ചയായും അതിന് എന്തെങ്കിലും യുക്തി ഉണ്ടായിരിക്കുമെന്നും അത് നമ്മുടെ ഗുണത്തിനുവേണ്ടിയാണെന്നുമുള്ള വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ഈ ചിന്താഗതിയാണ് ഒരു സത്യവിശ്വാസിയുടെ മഹാത്മ്യമായിട്ടുണ്ടാവേണ്ടത്, എന്നല്ല അവന്റെയുള്ളിൽ ഉണ്ടായിരിക്കേണ്ടത്.

ഇനി ഞാൻ നബി(സ)യുടെ കുറച്ച് ഹദീഥുകൾ സമർപ്പിക്കുകയാണ്. ഇതിൽ വിവിധ കാര്യങ്ങൾ വിവരിച്ചുകൊണ്ട്, ആ മഹാത്മാവ് നമുക്ക് കർമ്മപരമായ ശിക്ഷണവും നല്കിയിരിക്കുന്നു. നബി(സ) പറയുന്നു: ***അൽകലിമത്തുൽഹിക്‌മത്തു ളാല്ലത്തുൽമുഅ്മിനി ഹയ്ഥു മാ വജദഹാ വഹുവ ഹഖു ബിഹാ***. ഈ ഹദീഥ് ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്തതാണ്.

നബി(സ) പറഞ്ഞു: യുക്തിപരവും ബുദ്ധിപരവുമായ കാര്യം സത്യവിശ്വാസിയുടെ കളഞ്ഞുപോയ വസ്തുവാണ്. അതെവിടെ കണ്ടാലും അതിന് അവർ കൂടുതൽ അർഹതപ്പെട്ടവരായിരിക്കും. ഇതിൽ വ്യക്തമാക്കിയിരിക്കുന്നത് ജ്ഞാനപരമായ കാര്യം എവിടെനിന്നു കിട്ടിയാലും, അത് അന്യമതക്കാരിൽനിന്നോ ദരിദ്രരിൽനിന്നോ കുട്ടികളിൽനിന്നോ നിങ്ങളുടെ ദൃഷ്ടിയിൽ അറിവില്ലാത്തവരിൽനിന്നോ ആരിൽനിന്ന് ലഭിച്ചാലും അതെന്തു കാര്യമാണെന്ന് നോക്കുക. അതിൽ ജ്ഞാനമുണ്ടെങ്കിൽ അത് സ്വായത്തമാക്കുക. കാരണം നിങ്ങൾ അതിന്റെ അവകാശികളാണ്. അഹങ്കാരംകൊണ്ട് അതിനെ നിഷേധിക്കരുത്. അല്ലെങ്കിൽ തനിക്കറിയുന്നതുമാത്രമാണ് എല്ലാമെന്ന് കരുതരുത്. പ്രത്യുത, ചിന്തിച്ചുകൊണ്ട് അത് സ്വീകരിക്കുക.

ബുദ്ധിപരമായ കാര്യം, ഒരു കുട്ടി പറഞ്ഞ സംഭവമുണ്ട്. "മഴ നനഞ്ഞുകൊണ്ട് അവൻ പോകുകയായിരുന്നു. ഒരു മഹാത്മാവ്, ആ കുട്ടിയോട് മകനേ, സൂക്ഷിച്ചുനടക്കൂ, കാല് തെന്നിവീഴും എന്ന് പറഞ്ഞു. ഉടനെ കുട്ടി പ്രതികരിച്ചതിങ്ങനെയായിരുന്നു. ഞാൻ തെന്നിവീണാൽ എനിക്കേ പരിക്കുപറ്റൂ. പക്ഷേ, സമൂഹത്തിന്റെ ആത്മീയനേതാവായ അങ്ങ് തെന്നിവീണാൽ സമൂഹം മുഴുവൻ തെറ്റിവീഴുമോ എന്ന ആശങ്കയാണുള്ളത്. സമൂഹത്തെ അത് ബാധിക്കുമോ എന്ന ഭയമാണുള്ളത്." വലിയ യുക്തിപരമായ വാക്കുകളായിരുന്നു കുട്ടിയുടെ വായിൽനിന്ന് പുറത്തുവന്നത്.

സത്യവിശ്വാസി വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെട്ട് യുക്തിപരമായ കാര്യങ്ങൾ അന്വേഷിക്കുന്നതിൽ വ്യാപൃതനായിരിക്കണമെന്നും പറഞ്ഞിരിക്കുന്നു. ആ വിചാരത്തോടുകൂടി നാം ജീവിക്കുകയാണെങ്കിൽ അനാവശ്യവും, വ്യർത്ഥവുമായ ധാരാളം കാര്യങ്ങളിൽനിന്ന് രക്ഷപ്പെടും.

നബി(സ) പറഞ്ഞതായി ഹദ്റത്ത് അബ്ദുല്ലാഹ്(റ) പറയുന്നു. "രണ്ട് പേരോട് അസൂയപെടുന്നത് അനുവദനീയമാണ്. ഒരാൾ, അല്ലാഹു ധനം നല്കിയ വ്യക്തിയാണ്. അത് അദ്ദേഹം അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. മറ്റെയാൾക്ക് അല്ലാഹു ജ്ഞാനം നല്കിയിരിക്കുന്നു. അയാൾ അതുകൊണ്ട് വിധി കല്പിക്കുന്നു. അത് മറ്റുള്ളവരെ പഠിപ്പിക്കുന്നു."

ജ്ഞാനം മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ സത്യവിശ്വാസികളോട് ഇതിൽ നിർദ്ദേശിച്ചിരിക്കുകയാണ്. സമ്പാദിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. നിങ്ങളിൽ മാത്രം അത് ഒതുങ്ങിനില്ക്കാൻ പാടില്ല. യുക്തിനിർഭരവും ജ്ഞാനപരവുമായ കാര്യമാണെങ്കിൽ സത്യവിശ്വാസിയുടെ മഹിമ എന്നുപറയുന്നത്, അതിനെ മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുക എന്നതാണ്; യുക്തിയും ജ്ഞാനവും നിലകൊള്ളുന്ന സമൂഹം സ്ഥാപിതമാകാൻ ഇത് അനിവാര്യമാണ്.

ജ്ഞാനപരമായ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്ന വേദിയെ നബി(സ) 'നിഅ്മുൽ മജ്ലിസ്' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ഇബ്നു അബ്ദുല്ലാഹ് പറയുന്നു: "അല്ലാഹു പറഞ്ഞു, ജ്ഞാനപരമായ കാര്യങ്ങൾ പ്രചരിപ്പിക്കപ്പെടുന്ന മജ്ലിസ് എത്ര മനോഹരമാണ്." ഇത് അദ്ദേഹം നബി(സ)യിൽനിന്ന് നേരിട്ട് നിവേദനം ചെയ്തതല്ല. അദ്ദേഹം ആരോ പറഞ്ഞ് കേട്ടതാണ്. യുക്തിപരമായ കാര്യങ്ങൾ പ്രചരിപ്പിക്കപ്പെടുന്ന മജ്ലിസിൽനിന്ന് കാരുണ്യം പ്രതീക്ഷിക്കപ്പെടുന്നു.

നമ്മുടെ മജ്ലിസുകളുടെ നിലവാരം ഈ രീതിയിൽ വേണ്ടതാണ്. അനാവശ്യ ചർച്ച നടക്കുന്ന മജ്ലിസിൽനിന്ന് എഴുന്നേറ്റ് പോകുക എന്നാണ് അല്ലാഹുവിന്റെ കല്പന. ദീനിന്നെതിരിൽ സംസാരം നടക്കുന്നതും മതത്തിന്റെ പേരിൽ രഹസ്യചർച്ച നടക്കുന്നതും അല്ലാഹുവിന്റെ അസ്തിത്വത്തെ സംബന്ധിച്ച് വ്യർത്ഥമായ ചർച്ചകൾ നടക്കുന്നതുമായ മജ്ലിസുകളിൽനിന്ന് എഴുന്നേറ്റ് പോകുക. ആർക്കെങ്കിലും നന്മയുണ്ടാകട്ടെ എന്നു കരുതി അറിവുള്ള ആരെങ്കിലും ഉപദേശിക്കാൻ വേണ്ടി അത്തരം മജ്ലിസിൽ ഇരിക്കുകയാണെങ്കിൽ, കുഴപ്പമില്ല. പക്ഷേ, ഇക്കൂട്ടർ വക്രബുദ്ധി കാണിക്കുകയും കാര്യങ്ങൾ മനസ്സിലാക്കാൻ ആഗ്രഹിക്കാതിരിക്കുകയുമാണെങ്കിൽ, അപ്പോൾ അവിടെനിന്നെഴുന്നേറ്റുപോകാനാണ് അല്ലാഹുവിന്റെ കല്പന. കാരണം അത്തരം മജ്ലിസുകളുടെമേൽ മലക്കുകൾ ശാപം ചൊരിയുന്നു. സത്യവിശ്വാസം അന്വേഷിക്കേണ്ടത് ജ്ഞാനപരമായ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്ന സദസ്സുകളിലാണ്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു. എനിക്കുവേണ്ടി നബി(സ) രണ്ടുപ്രാവശ്യം ഇങ്ങനെ ദുആ ചെയ്തു: "അല്ലാഹുവേ, ഇവന് നീ അറിവ് നല്കേണമെ." നബി(സ) ദുആ ചെയ്തപ്പോൾ ഇബ്നു അബ്ബാസിന് എത്ര വലിയ സമ്മാനമാണ് ലഭിച്ചത്.

നബി(സ)യുടെ ദൃഷ്ടിയിൽ അറിവിനും ജ്ഞാനത്തിനും എത്രമാത്രം പ്രാധാന്യമാണുണ്ടായിരുന്നത്. യുദ്ധത്തടവുകാരെ സംബന്ധിച്ച് പറയുന്നിടത്ത് നമുക്കത് മനസ്സിലാക്കാവുന്നതാണ്. എഴുത്തും വായനയും അറിയുന്ന യുദ്ധത്തടവുകാർ, അൻസാറുകളുടെ 10 കുട്ടികളെ എഴുത്തും വായനയും പഠിപ്പിച്ചാൽ സ്വതന്ത്രരാകുമെന്ന് നബി(സ) പറഞ്ഞു. അങ്ങനെ കുട്ടികൾ എഴുത്തും വായനയും പഠിച്ചുകഴിഞ്ഞാൽ ആ യുദ്ധത്തടവുകാരെ മോചിപ്പിക്കുമായിരുന്നു. ജ്ഞാനത്തിന്

ഈ പ്രാധാന്യമായിരുന്നു ആ മഹാത്മാവിന്റെ ദൃഷ്ടി യിൽ ഉണ്ടായിരുന്നത്. ഹിക്മത്ത് എന്നതിന് അറിവ് എന്നും അർത്ഥമുണ്ട്. കാരണം അറിവ് ബുദ്ധിയെ തിള ക്കമുള്ളതാക്കിത്തീർക്കുന്നു. അജ്ഞതയെ അവസാനി പ്പിക്കുന്നു. നബി(സ) ഈ യുക്തിയുടെ അടിസ്ഥാന ത്തിലാണ്, 'ബുദ്ധി വെളിച്ചമുള്ളതായാൽ ഇസ്‌ലാമിന്റെ സന്ദേശം മറ്റുള്ളവർക്ക് നല്ലനിലയിൽ എത്തിക്കാൻ കഴി യു'മെന്ന് പറഞ്ഞത്. ഇക്കാലത്ത് ആക്ഷേപം ഉന്നയി ക്കുന്നതുപോലെ, വാൾകൊണ്ട് മതം പ്രചരിപ്പിക്കണം എന്നതായിരുന്നു നബി(സ)യുടെ വിചാരമെങ്കിൽ, ഇത്ര കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുന്ന യുദ്ധ ത്തടവുകാരെ മോചിപ്പിക്കണമെന്ന കല്പന ആ മഹാ ത്മാവ് ഒരിക്കലും കൊടുക്കുമായിരുന്നില്ല. നേരെമറിച്ച്, പിഴയടച്ച് സ്വതന്ത്രനാകാൻ കഴിയാത്ത യുദ്ധത്തടവു കാർ, തങ്ങൾക്കറിയുന്ന യുദ്ധമുറകൾ മുസ്‌ലിംകളെ അഭ്യസിപ്പിച്ചാൽ സ്വതന്ത്രരാകുമെന്നാണ് പറയുമായിരു ന്നത്. പക്ഷേ, നബി(സ) അറിവിനേയും ജ്ഞാനത്തേയും സംബന്ധിച്ചാണ് തന്റെ സമുദായത്തോടു പറഞ്ഞത്. അതുകൊണ്ട് ഇന്ന് നമുക്കും വിജയിക്കാനുള്ള മാർഗ്ഗ ങ്ങൾ, അറിവും ജ്ഞാനവുമാണെന്ന കാര്യം നാം ഓർക്കേ ണ്ടതാണ്. യുക്തി നിർഭരമായ മാർഗ്ഗങ്ങൾ പ്രബോധന രംഗത്ത് സ്വീകരിക്കേണ്ടതാണ്. അതിനാൽ, അറിവ് സമ്പാദിക്കുന്നതിലേക്കും ഏറെ ശ്രദ്ധയുണ്ടാവണം. ഇതുസംബന്ധമായി അല്ലാഹു ഖുർആനിലും നമ്മോട് കല്പിച്ചിരിക്കുന്നു. അവൻ പറയുന്നു:

"**തത്ത്വജ്ഞാനവും സദുപദേശവുംകൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽനിന്ന് വ്യതി ചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു**" (10:126).

പ്രബോധനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള കല്പനയാണിത്. സാഹചര്യവും സന്ദർഭവും നോക്കി യുക്തിപരമായ നിലയിൽ സംസാരിക്കുക. മറ്റുള്ളവരെ ക്കുറിച്ചും ശരിയായ വിവരം ഉണ്ടായിരിക്കണം; എങ്കി ലെ, നല്ലനിലയിൽ തെളിവുകൾ കൊടുക്കാൻ കഴിയുക യുള്ളൂ. ശുഷ്കമായ തെളിവുകളിലും വക്രതയോടെ യുള്ള വിവാദത്തിലും വീഴരുത്. സത്യവിശ്വാസിക്ക് വിവേകവും ബുദ്ധിസാമർത്ഥ്യവും ഉണ്ടാകുന്നു. അറി വിനോടൊപ്പം അത് വികസിക്കുന്നു. എതിർകക്ഷിയിൽ വിവരക്കേട് കാണുന്നുണ്ടെങ്കിൽ, അവിടെനിന്നെഴു ന്നേറ്റു പോകുക എന്നതാണ് ബുദ്ധി. അല്ലാഹുവിന്റെ കല്പനയും ഇതുതന്നെയാണ്. അവിടെവച്ച് ചർച്ച അവ സാനിപ്പിക്കുക. എതിർകക്ഷി തെളിവും അറിവുംകൊണ്ട് സംസാരിക്കാൻ തയ്യാറല്ലെങ്കിൽ, ഇപ്പറഞ്ഞരീതി സ്വീക രിച്ചാൽ എതിർകക്ഷിയുടെ നടപടിയിൽ അയവ് വന്നേ ക്കാം. കാര്യങ്ങൾ കേൾക്കാൻ അവർ തയ്യാറായേക്കാം. ഹിദായത്ത് ആർക്കെങ്കിലും ലഭിക്കുന്നുണ്ടോ എന്നത് വേറെ കാര്യം. അത് അല്ലാഹുവിനേ അറിയൂ. നമ്മുടെ ജോലി യുക്തമായ നിലയിൽ സന്ദേശം എത്തിച്ചുകൊ ണ്ടിരിക്കുക എന്നതാണ്.

വിവിധ വിഷയങ്ങൾ പറയുമ്പോൾ പലപ്പോഴും നമ്മൾ കേട്ടിട്ടുള്ള ഹദീഥാണ് ഇനി പറയുന്നത്. അലി ബിൻ ഹുസയ്ൻ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയുടെ സഹധർമ്മിണിയായ ഹദ്റത്ത് സഫ്‌യാ (റ) പറഞ്ഞു. ഒരിക്കൽ അവർ നബി(സ) തിരുമേനിയെ കാണാൻപോയി. നബി(സ) റമളാനിലെ അവസാനത്തെ പത്തിൽ പള്ളിയിൽ ഇഅ്ത്തിക്കാഫിരിക്കുകയായി രുന്നു. അവർ രാത്രി കുറച്ചുനേരം സംസാരിച്ചിരുന്നു. പിന്നീട് അവർ തിരിച്ചുപോകാൻ എഴുന്നേറ്റു. നബി(സ) അവരെ യാത്രയാക്കാൻ വാതിൽപ്പടിവരെപോയി. പള്ളി യുടെ വാതിലിന്നടുത്ത് നബി(സ) എത്തിയപ്പോൾ- അത് ഹദ്റത്ത് ഉമ്മുസൽമ(റ)യുടെ മുറിക്കടുത്തായിരുന്നു- അൻസാറുകളിൽപെട്ട രണ്ടാളുകൾ നബി(സ)യ്ക്ക് സലാം പറഞ്ഞുകൊണ്ട് അവരുടെ അടുത്തൂടെ വേഗ ത്തിൽ നടന്നുപോയി. നബി(സ) അവരോട് നില്ക്കാൻ പറഞ്ഞുകൊണ്ട് ഹുയിയുടെ മകൾ സഫ്‌യായാണി തെന്ന് പരിചയപ്പെടുത്തി. അവർ രണ്ടുപേരും പറഞ്ഞു: സുബ്ഹാനല്ലാഹ്. നബി(സ)യുടെ വാക്കുകൾ അവർക്ക് അസഹ്യമായി. നബി(സ) പറഞ്ഞു, "തീർച്ചയായും ശയ്ത്വാൻ മനുഷ്യന്റെ ഞരമ്പുകളിലൂടെ രക്തം ഒഴുകു ന്നതുപോലെ ഒഴുകിക്കൊണ്ടിരിക്കുന്നു. അവൻ നിങ്ങ ളുടെ മനസ്സിൽ തെറ്റുധാരണയുണ്ടാക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു."

നോക്കുക, തെറ്റുധാരണയിൽനിന്ന് രക്ഷപ്പെടുന്ന തിനുവേണ്ടി നബി(സ) ക്ഷണത്തിൽ യുക്തിനിർഭരമായ തീരുമാനമെടുത്തു. അതവരോട് പറഞ്ഞു. ഏതെങ്കിലും രീതിയിൽ ആരെങ്കിലും വഞ്ചിക്കപ്പെടുമെന്നു കണ്ടാൽ അവരെ അതിൽനിന്ന് രക്ഷിക്കണമെന്നുള്ള പാഠമാണ് ഇതിലുള്ളത്. എന്നാൽ, തെറ്റുധാരണയിൽത്തന്നെ കഴി ഞ്ഞുകൂടുന്ന പ്രകൃതക്കാരനാണെങ്കിൽ അതു വേറെ കാര്യം. അങ്ങനെയല്ലാത്ത ഓരോരുത്തരേയും രക്ഷി ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ച് ജമാഅത്തിന്റെ ഭാരവാഹികൾ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. ആരെങ്കിലും വഞ്ചനയിൽ അകപ്പെടാൻ കാരണമാകുന്ന ഒരു കാര്യവും ഉണ്ടാകാൻ പാടില്ല. വലിയ വലിയ കാര്യ ങ്ങൾ മാത്രം വഞ്ചനയിൽ അകപ്പെടാൻ കാരണമാകു

എന്നില്ല. ചിലപ്പോൾ ചില നിസ്സാര കാര്യങ്ങളിലും വഞ്ചിതരാകാറുണ്ട്. അത്തരം സന്ദർഭത്തിൽ കാര്യങ്ങൾ വിശദീകരിച്ചുകൊടുത്ത് സംശയങ്ങൾ അകറ്റാൻ ശ്രമിക്കേണ്ടതണ്. അങ്ങനെ ഈമാൻ നഷ്ടപ്പെട്ടുപോകുന്നതിൽനിന്ന് മറ്റുള്ളവരെ രക്ഷിക്കേണ്ടതാണ്.

അല്ലാഹുവിന്റെ കല്പനയാണ് അന്യവീടുകളിൽ അനുവാദം ചോദിച്ച് പ്രവേശിക്കുക എന്നത്. അല്ലാഹു പറയുന്നു: ***യാ അയ്യുഹല്ലദീന ആമനൂ ലാ തദ്ഖുലൂ ബുയൂത്തൻ ഗയ്റ ബുയൂത്തിക്കും ഹത്താ തസ്തഅ്നിസൂ വ തുസല്ലിമൂ അലാ അഹ്‌ലിഹാ.***

“വിശ്വസിച്ചവരേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ, ആ വീട്ടുകാരോട് അനുമതി ചോദിക്കുകയും അവർക്ക് സലാം ചൊല്ലുകയും ചെയ്തിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്” (24:28).

ഇതു വലിയ യുക്തിനിർഭരവും, ഉന്നതമായ ധാർമ്മികതയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതുമായ കല്പനയാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് സഹ്‌ൽ ബിൻ സഅ്ദ് നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ) തിരുമേനിയുടെ മുറിയിലേക്ക് എത്തിനോക്കി. അപ്പോൾ നബി(സ) തല ചീകുകയായിരുന്നു. നബി(സ) പറഞ്ഞു: “നീ എത്തിനോക്കുന്നുവെന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ ഈ ചീപ്പുകൊണ്ട് നിന്റെ കണ്ണിൽ കുത്തുമായിരുന്നു.” എന്നിട്ട് അയാൾക്ക് വീട്ടിൽ പ്രവേശിക്കാൻ അനുവാദം നല്കി. നബി(സ)ന് താൻ കൊണ്ടുവന്ന അധ്യാപനങ്ങളിൽനിന്ന്, അല്പംപോലും വ്യതിചലിക്കുന്നത് സഹിക്കുമായിരുന്നില്ല. നബി(സ) വളരെ ശക്തമായ നിലയിലാണ് ആ എത്തിനോക്കിയ ആളോട് പ്രതികരിച്ചത്. കഠിനമായ വാക്കുകളാൽ താക്കീത് ചെയ്തു.

അല്ലാഹുവിന്റെ മറ്റൊരു കല്പനയാണ് അവനിൽ സത്യവിശ്വാസി സമർപ്പണം ചെയ്യുക എന്നത്. പക്ഷേ, ചിലർ ഇതിനെ തെറ്റായി മനസ്സിലാക്കാറുണ്ട്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള കാര്യകരണത്തെ അവർ ഉപയോഗപ്പെടുത്തുന്നില്ല. ഇപ്രകാരം നബി(സ)ന്റെ കാലഘട്ടത്തിൽ കാര്യകരണത്തെ ഉപയോഗപ്പെടുത്താത്ത ഒരു ഘട്ടമുണ്ടായിട്ടുണ്ട്. അത് ചെയ്യാത്തതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെട്ടു. കാര്യകരണം അല്ലാഹുതന്നെ സൃഷ്ടിച്ചിട്ടുള്ളതാണ്. അതുപയോഗിക്കേണ്ടത് നിർബന്ധമാണ്. ചോദ്യകർത്താവിന് നബി(സ) മറുപടി പറഞ്ഞത് നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ) തിരുമേനിയോടു ചോദിച്ചു. ഞാൻ ഒട്ടകത്തിന്റെ കാലുകൾ ബന്ധിച്ചിട്ട്, അല്ലാഹുവിൽ സർവ്വവും ഭരമേല്പിക്കണോ അതല്ല ഒട്ടകത്തെ സ്വതന്ത്രമായി വിട്ടുകൊണ്ട് തവക്കൽ ചെയ്യണോ? നബി(സ) പറഞ്ഞു: അതിനെ കെട്ടിയിടുക. എന്നിട്ട് അല്ലാഹുവിൽ ഭരമേല്പിക്കുക.

സാമൂഹിക പ്രശ്നങ്ങളിൽ നബി(സ)ന്റെ യുക്തിനിർഭരമായ തീരുമാനങ്ങൾ കാണാം. ഉഹ്ദ് യുദ്ധം എല്ലാവർക്കും അറിയാവുന്നതാണ്. നബി(സ)യുടെ യുക്തിനിർഭരമായ ഒരു വിധി അംഗീകരിക്കാത്ത കാരണത്താൽ, മുസ്‌ലിംകൾക്ക് നഷ്ടമുണ്ടായി. നബി(സ)നു തന്നെയും പരിക്കേറ്റു. പല്ലുകൾ ശഹീദായി. യുദ്ധത്തിനുശേഷം മുസ്‌ലിംകൾക്കുണ്ടായ അവസ്ഥ. അതിന് പരാജയം എന്ന് പറയരുത്. വിജയം വരിച്ച് വരിച്ച്, ഇടയ്ക്കുവച്ച് കാലിടറി. എന്തായാലും യുദ്ധം അവസാനിച്ചു. മുസ്‌ലിംകൾ ക്ഷീണവും പരിക്കുംകൊണ്ട് അങ്ങേയറ്റം വിഷമിച്ചു. ഉഹ്ദ് യുദ്ധത്തിന്റെ അടുത്തദിവസം നബി(സ)തന്റെ സ്വഹാബിമാരുമൊത്ത് മദീനയിൽ എത്തിക്കഴിഞ്ഞിരുന്നു. അപ്പോൾ മക്കയിലെ നിഷേധികൾ വീണ്ടും മദീനയ്ക്കുമേൽ ആക്രമണം നടത്താൻ ഒരുങ്ങുകയാണെന്ന് നബി(സ)യ്ക്ക് അറിയിപ്പ് കിട്ടി. കാരണം ചില ഖുറയ്ശികൾ, ‘നിങ്ങൾ മുഹമ്മദിനെ കൊന്നില്ല, മുസ്‌ലിം സ്ത്രീകളെ അടിമകളാക്കി കൊണ്ടുവന്നില്ല, അവരുടെ സ്വത്തുക്കൾ പിടിച്ചെടുത്തതുമില്ല’ എന്ന് പറഞ്ഞ് യുദ്ധത്തിൽ പങ്കെടുത്തവരെ പ്രകോപിപ്പിച്ചു. അപ്പോൾ നബി (സ) അവരെ നേരിടാൻ തീരുമാനിച്ചു. നമ്മൾ ശത്രുക്കളെ പിന്തുടരുന്നതാണെന്ന് നബി (സ) പറഞ്ഞു. തന്റെകൂടെ കഴിഞ്ഞ ദിവസം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്തവർ മാത്രം വന്നാൽ മതിയെന്നും നബി(സ) അറിയിച്ചു. ഇത് നബി(സ)യുടെ യുക്തിനിർഭരമായ തീരുമാനമായിരുന്നു. മുസ്‌ലിംകളുടെ ഉത്സാഹവും വർദ്ധിക്കണം, തന്റെകൂടെ യുദ്ധം ചെയ്തുവന്നവർ നിരാശപ്പെടാനും പാടില്ല. ശത്രുക്കൾ ഭയക്കുകയും വേണം. വിജയം വരിച്ചിട്ടാണ് തങ്ങൾ പോയതെന്ന് ശത്രുക്കൾക്ക് തോന്നാൻ പാടില്ല. ചെറിയൊരു ഇടർച്ചയായിരുന്നു അവിടെ സംഭവിച്ചത്. നബി(സ) പറഞ്ഞതുപോലെ കാര്യങ്ങൾ നടന്നു. ഇവർ ശത്രുക്കളുടെ പിന്നാലെ പോയപ്പോൾ, തിരിച്ചുവരാനോ ആക്രമണം നടത്താനോ അവർക്ക് തന്റേടമുണ്ടായില്ല. അവർ പാഞ്ഞുകളഞ്ഞു.

അല്ലാഹുതആല നബി(സ)യെ മുഴുലോകത്തിനും മാർഗ്ഗദർശിയായിക്കൊണ്ടും അറിവ് നല്കുന്നതിനും വേണ്ടി അയക്കണമായിരുന്നു. അതുകൊണ്ടുതന്നെ നബി(സ)യെ, നുബുവ്വത്ത് ലഭിക്കുന്നതിനു മുമ്പേതന്നെ യുക്തിനിർഭരമായ അധ്യാപനം പ്രചരിപ്പിക്കുന്നതിന് യുക്തിജ്ഞനായ അല്ലാഹു തയ്യാറാക്കിയിരുന്നു. നുബുവ്വത്തിനു മുമ്പേയും നബി(സ)യുടെ വിധി, ജനങ്ങൾ ഇഷ്ടപ്പെട്ടിരുന്നു. അവയിലൊരു സംഭവം ഇങ്ങനെ വന്നിരിക്കുന്നു. കഅ്ബ പുനർ നിർമ്മാണം നടക്കുന്ന ഘട്ടത്തിലെ സംഭവമാണത്. ഹജ്റെ അസ്‌വദ് സ്ഥാപിക്കേണ്ട നേരത്ത് ഗോത്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമു

ണ്ടായി. യുദ്ധം ഉണ്ടാകുമെന്ന ഘട്ടമെത്തി. നാലഞ്ച് ദിവസംവരെ അതിന് പരിഹാരം കാണാൻ കഴിഞ്ഞില്ല. ഒരു ദിവസം മക്കയിലെ ഖുറയ്ശികൾ സംഘടിച്ചു. പരസ്പരം കൂടിയാലോചിച്ചു. അബൂ ഉമയ്യാ ബിൻ മുഗീറ ബിൻ അബ്ദുല്ലാഹ് ബിൻ ഉമർ മഖ്ദൂം, ഖുറയ്ശിലെ ഏറ്റവും പ്രായംചെന്നയാളായിരുന്നു. അദ്ദേഹം പറഞ്ഞു: ഖുറയ്ശികളേ, നാളെ ഏറ്റവുമാദ്യം ബയ്ത്തുല്ലാഹിൽ വരുന്ന ആൾ എടുക്കുന്ന തീരുമാനം നിങ്ങൾ സ്വീകരിക്കുമെന്ന് തീരുമാനിക്കുക. എങ്കിലേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ." അങ്ങനെ അവർ ആ അഭിപ്രായത്തോട് യോജിച്ചു. അടുത്തദിവസം ഏറ്റവുമാദ്യം ബയ്ത്തുല്ലാഹിൽ പ്രവേശിച്ചയാൾ മുഹമ്മദ്(സ) ആയിരുന്നു. അങ്ങനെ നബി(സ)നെ കണ്ടുകൊണ്ട് അവർ പറഞ്ഞു, വിശ്വസ്തൻ വന്നിരിക്കുന്നു. ഞങ്ങൾ ഇതിൽ സന്തോഷിക്കുന്നു. ഇത് മുഹമ്മദാണ്. ഖുറയ്ശികൾ മുഹമ്മദിന്റെയടുക്കലെത്തി കാര്യങ്ങളെല്ലാം ബോധിപ്പിച്ചു. ഒരു തുണി കൊണ്ടുവരാൻ മുഹമ്മദ് പറഞ്ഞു. തുണി കൊണ്ടുവന്നു. മുഹമ്മദ്(സ) തുണി വിരിച്ചു. ഹജ്റെ അസ്‌വദ് എടുത്ത് ആ തുണിയിൽവെച്ചു. ഓരോ ഗോത്രത്തിന്റെയും നേതാക്കളെ വിളിച്ച്, ആ തുണിയുടെ കോണുകളിൽ പിടിക്കാൻ പറഞ്ഞു. എല്ലാവരും അതു പിടിച്ച്, വയ്ക്കേണ്ട സ്ഥലത്തെത്തിക്കാൻ പറഞ്ഞു. അങ്ങനെ ചെയ്യപ്പെട്ടു. പിന്നീട് മുഹമ്മദ്(സ) ഹജ്റെ അസ്‌വദ് വയ്ക്കേണ്ട സ്ഥലത്തുവെച്ചു. വലിയൊരു രക്തപ്രളയത്തിൽനിന്ന് അവരെ രക്ഷിച്ച നബി (സ)യുടെ യുക്തിനിർഭരമായ ഒരു വിധിയായിരുന്നു അത്. അവർക്കിടയിൽ യുദ്ധമുണ്ടായാൽ അത് വർഷങ്ങളോളം നീണ്ടുനിന്നിരുന്നു. എത്രയെത്ര ആളുകൾ അതിൽ മരിക്കുമായിരുന്നു?. എത്രകാലം അത് നീണ്ടുനില്ക്കുമായിരുന്നു?

നബി(സ)യിൽ അല്ലാഹു എത്രത്തോളം യുക്തിവൈഭവം നിറച്ചിരുന്നുവെന്നതിനെ സംബന്ധിച്ച് അനസ്ബിൻ മാലിക്(റ) ഒരു നിവേദനം ചെയ്യുന്നുണ്ട്. ഹദ്റത്ത് അബൂദർ(റ) പറഞ്ഞു, നബി(സ) പറഞ്ഞു: "ഞാൻ മക്കയിലായിരുന്നു. എന്റെ വീടിന്റെ മച്ച് തുറക്കപ്പെട്ടു. ജിബ്‌രീൽ ഇറങ്ങിവന്നു. അദ്ദേഹം എന്റെ നെഞ്ച് തുറന്നു. പിന്നീട് അതിനെ സംസം വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കി. പിന്നീട് ഒരു സ്വർണ്ണത്തളിക കൊണ്ടുവന്നു. അത് യുക്തിജ്ഞാനവും വിശ്വാസവുംകൊണ്ട് നിറഞ്ഞിരുന്നു. അത് എന്റെ നെഞ്ചകത്തിലേക്ക് ഇട്ടു. പിന്നീട് അതടച്ചു. പിന്നീട് എന്റെ കൈപിടിച്ച് ആകാശത്തേക്ക് കൊണ്ടുപോയി."

ഹിശാംബിൻ സയ്ദ് ബിൻ അനസ് നിവേദനം ചെയ്യുന്നു. ഞാൻ അനസ്ബിൻ മാലിക്(റ) ഇങ്ങനെ പറയുന്നതായി കേട്ടു. ഒരിക്കൽ ഒരു യഹൂദി നബി(സ)യുടെ അടുത്തൂടെ നടന്നുപോയി. അയാൾ 'അസ്സാമു അലയ്ക്ക' എന്നു പറഞ്ഞു. അതായത് നിന്നിൽ നാശമുണ്ടാകട്ടെയെന്ന്. 'അലയ്ക്ക' എന്ന് നബി(സ) മറുപടിയും കൊടുത്തു. നിങ്ങളിലും! പിന്നീട് നബി(സ) സ്വഹാബാക്കളോടായി പറഞ്ഞു, അയാൾ എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്ക് മനസ്സിലായോ? പിന്നീട് നബി(സ), അയാൾ പറഞ്ഞത് 'അസ്സാമു അലയ്ക്ക' എന്നായിരുന്നുവെന്ന് പറഞ്ഞു. സ്വഹാബ ***രിള്‌വാനുല്ലാഹി അലയ്ഹിം*** യഹൂദിയുടെ ഈ പെരുമാറ്റം കണ്ട്, തങ്ങൾ അദ്ദേഹത്തെ കൊല്ലട്ടെ എന്ന് ചോദിച്ചു. ഇതുകേട്ടപ്പോൾ നബി(സ) പറഞ്ഞു, "പാടില്ല. അയാളെ കൊല്ലരുത്. ഗ്രന്ഥാനുസാരികളിൽ ആരെങ്കിലും നിങ്ങൾക്ക് സലാം പറഞ്ഞാൽ, നിങ്ങൾ 'അലയ്ക്കും' എന്ന് മറുപടി കൊടുക്കുക. അങ്ങനെ കലഹങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക."

സഈദ്ബിൻ അബീ സഈദ് പറയുന്നു, അദ്ദേഹം ഹദ്റത്ത് അബൂഹുറയ്റ(റ) ഇങ്ങനെ പറയുന്നതായി കേട്ടു. നബി(സ) നജ്ദിലേക്ക് സൈനിക നടപടിക്കായി സൈന്യത്തെ അയച്ചു. അപ്പോൾ ബനൂ ഹനീഫായിലെ ഒരു വ്യക്തിയെ തടവുകാരനാക്കിക്കൊണ്ടുവന്നു. അയാളുടെ പേര് സമാമ ബിൻ ഉസാൽ എന്നായിരുന്നു. സ്വഹാബ അയാളെ മസ്ജിദുനബ്‌വിയുടെ തൂണോടു ചേർത്ത് ബന്ധിച്ചു. റസൂൽ(സ) അയാളുടെയടുക്കൽ വന്നു ചോദിച്ചു. ഏ, സമാമ, നിനക്കെന്താണ് പറയാനുള്ളത്. നിന്നോട് എങ്ങനെ പെരുമാറുമെന്നാണ് നീ കരുതുന്നത്. അയാൾ പറഞ്ഞു: നല്ല വിചാരമാണ് എനിക്കുള്ളത്. നിങ്ങൾ എന്നെ കൊല്ലുകയാണെങ്കിൽ, നിങ്ങൾ ഒരു കൊലപാതകിയെയായിരിക്കും കൊല്ലുന്നത്. നിങ്ങൾ അനുഗ്രഹിക്കുകയാണെങ്കിൽ അനുഗ്രഹത്തെ വിലമതിക്കുന്ന ഒരാൾക്കായിരിക്കും നിങ്ങൾ അനുഗ്രഹം ചെയ്യുന്നത്. നിങ്ങൾ ധനമാണാഗ്രഹിക്കുന്നതെങ്കിൽ അത് എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. അങ്ങനെ അടുത്തദിവസം ഉദിച്ചുയർന്നു. നബി(സ) വീണ്ടും വന്നു. സമാമായോട്, എന്താണ് തീരുമാനം എന്നു ചോദിച്ചു. സമാമാ പറഞ്ഞു: ഞാൻ ഇന്നലയേ നിങ്ങളോട് പറഞ്ഞതാണ്, നിങ്ങൾ അനുഗ്രഹിക്കുകയാണെങ്കിൽ നന്മയെ ആദരിക്കുന്ന ഒരാളെയായിരിക്കും നിങ്ങൾ അനുഗ്രഹിക്കുന്നത്. നബി(സ) അയാളെ അവിടെ വിട്ടുപോന്നു. അങ്ങനെ മൂന്നാമത്തെ ദിവസം ഉദിച്ചുയർന്നു. നബി(സ) ചോദിച്ചു, സമാമ നിന്റെ തീരുമാനം എന്താണ്? അയാൾ പറഞ്ഞു, ഞാൻ പറയേണ്ടതൊക്കെ പറഞ്ഞു കഴിഞ്ഞു. നബി(സ) സ്വഹാബാക്കളോട് അയാളെ മോചിപ്പിക്കാൻ പറഞ്ഞു. സമാമ പള്ളിക്കടുത്തുള്ള തോട്ടത്തിലേക്ക് പോയി. കുളിച്ചു. പള്ളിയിൽ പ്രവേ

ശിച്ച് ശഹാദത്ത് കലിമ ചൊല്ലിക്കൊണ്ട് പറഞ്ഞു, മുഹമ്മദ്(സ), അല്ലാഹുവാണ! ലോകത്ത് ഞാൻ ഏറ്റവും വെറുക്കപ്പെട്ടത് നിങ്ങളുടെ മുഖമായിരുന്നു. ഇപ്പോൾ എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് അങ്ങയുടെ മുഖമാണ്. അല്ലാഹുവാണ! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങയുടെ ദീനിനെയായിരുന്നു. എന്നാൽ, ഇപ്പോൾ എനിക്ക് എറ്റവും പ്രിയപ്പെട്ടത് അങ്ങ് കൊണ്ടുവന്നിരിക്കുന്ന ദീനാണ്. അല്ലാഹുവാണ! ഞാൻ ഏറ്റവും അധികം വെറുത്തത് അങ്ങയുടെ പട്ടണത്തെയായിരുന്നു. എന്നാൽ, ഇപ്പോൾ ഈ പട്ടണമാണ് എനിക്ക് ഏറ്റവുമധികം പ്രിയപ്പെട്ട പട്ടണം. ഞാൻ ഉംറ ചെയ്യാനാഗ്രഹിക്കുമ്പോൾ അങ്ങയുടെ കുതിരപ്പട്ടാളം എന്നെ പിടിച്ചുകൊണ്ടുവന്നതാണ്. അങ്ങ് ഇതിനെക്കുറിച്ച് എന്താണ് പറയാനാഗ്രഹിക്കുന്നത്. നബി(സ) അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു. ഉംറ ചെയ്യാൻ കല്പിച്ചു. അദ്ദേഹം മക്കയിലെത്തിയപ്പോൾ നീ സാബിയായോ എന്ന് ആരോ ചോദിച്ചു. അദ്ദേഹം പറഞ്ഞു, ഇല്ല. ഞാൻ മുഹമ്മദ്(സ)നെ വിശ്വസിച്ചിരിക്കുന്നു.

നബി(സ) മൂന്നുദിവസംവരെ അദ്ദേഹത്തെ തബ്‌ലീഗ് ചെയ്യാനുള്ള ഏറ്റവും നല്ല രീതികൾ സ്വീകരിച്ചു. മുസ്‌ലിം എങ്ങനെയാണ് ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതെന്നും അവരിൽ എത്രമാത്രം ആത്മാർത്ഥത ഉണ്ടെന്നും അവർ എങ്ങനെയാണ് തങ്ങളുടെ രക്ഷിതാവിന്റെ മുമ്പിൽ വിറച്ചുനില്ക്കുന്നതെന്നും എങ്ങനെയാണ് തന്നോട് സ്നേഹവും പ്രേമവും പ്രകടിപ്പിക്കുന്നതെന്നും തന്നെ വിശ്വസിച്ചവർക്ക് എന്തു പാഠമാണ് നല്കുന്നതെന്നും കണ്ട് മനസ്സിലാക്കാനുള്ള അവസരം അദ്ദേഹത്തിന് നബി(സ) നല്കി. നേരിട്ട് തബ്‌ലീഗ് ചെയ്തില്ല. നിത്യവും പോയി ചോദിച്ചു, തീരുമാനമെന്താണെന്ന്. അദ്ദേഹത്തിന് എന്തെങ്കിലും മനസ്സിലായിട്ടുണ്ടോ എന്ന് നോക്കുന്നതിനുവേണ്ടി മാത്രമായിരുന്നു അത്. മൂന്നാമത്തെ ദിവസം നബി(സ)യുടെ പ്രകാശമയമായ ബുദ്ധിസാമർത്ഥ്യം മനസ്സിലാക്കിയത്, അയാളുടെ മനസ്സ് മൃദുവായിരിക്കുന്നുവെന്നാണ്. അതുകൊണ്ട് ഒന്നും നോക്കാതെ അയാളെ വിട്ടു. പിന്നീടുണ്ടായ ഫലം തെളിയിച്ചത് നബി(സ)യുടെ വിചാരം ശരിയായിരുന്നുവെന്നാണ്. അയാൾ ഇസ്‌ലാം സ്വീകരിച്ചു.

ഹുദയ്ബിയ്യ സന്ധി നടന്നപ്പോൾ ഉണ്ടായ ഒരു സംഭവം കാണുക. ഖുറയ്ശികളിലെ ഒരു നേതാവിൽ ഉണ്ടായ സ്വാധീനം എങ്ങനെയുള്ളതായിരുന്നു. ഹുദയ്ബിയ്യാ സന്ധിക്കിടയിൽ ഉർവ ബിൻ മസ്ഊദ് തിരിച്ചുചെന്ന് ഖുറയ്ശികളോടു പറഞ്ഞു, 'ജനങ്ങളേ ഞാൻ ലോകത്ത് ഒരുപാട് സഞ്ചരിച്ചിട്ടുണ്ട്. രാജാക്കന്മാരുടെ ദർബാറുകളിലും പങ്കെടുത്തിട്ടുണ്ട്. കൈസറിന്റെയും കിസ്റായുടെയും മുമ്പിൽ സംഘത്തോടൊപ്പവും പോയിരുന്നു. എന്നാൽ, അല്ലാഹുവാണ! മുഹമ്മദിന്റെ അനുയായികൾ മുഹമ്മദിനെ ആദരിക്കുന്നതുപോലെ മറ്റെവിടെയും ഞാൻ കണ്ടിട്ടില്ല.' ഉർവയുടെ ഈ സംസാരം കേട്ട് ഖനാന ഗോത്രത്തിലെ ഉലയ്സ് ബിൻ അൻകുമാ എന്ന നേതാവ് ഖുറയ്ശികളോടു പറഞ്ഞു, നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ മുഹമ്മദിന്റെയടുക്കൽ പോകാം. അവർ പറഞ്ഞു, പോയിനോക്കുക. എന്തെങ്കിലും തീരുമാനം എടുത്തുവരാനും പറഞ്ഞു. അങ്ങനെയൊരാൾ ഹുദയ്ബിയായിൽ വന്നു. അയാൾ വരുന്നത് നബി(സ) കണ്ടപ്പോൾ, നമ്മുടെ അടുത്തേക്ക് വരുന്ന ഈ വ്യക്തി ഖുർബാനീ ഇഷ്ടപ്പെടുന്ന ഒരു ഗോത്രവുമായി ബന്ധമുള്ളയാണെന്ന് നബി(സ) പറഞ്ഞു. (യുദ്ധം ചെയ്യുക എന്നുദ്ദേശ്യത്തോടെയല്ല മുസ്‌ലിംകൾ അവിടെ പോയിരുന്നത്, സമാധാനത്തോടെ ഹജ്ജ് ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം). ഉടനെ നബി(സ) ബലിയറുക്കാനുള്ള മൃഗങ്ങളെയെല്ലാം ഒരിടത്ത് ഒരുമിച്ചുകൂട്ടാൻ കല്പിച്ചു. നമ്മൾ എന്തിനുവേണ്ടി വന്നുവെന്ന് അയാൾ അറിയണം. അങ്ങനെ സ്വഹാബിമാർ തങ്ങളുടെ ബലിമൃഗങ്ങളെ തെളിച്ചും തക്ബീർ ചൊല്ലിയുംകൊണ്ട് അവിടെ ഒത്തുകൂടി. കാരണം ഈ വരുന്നയാൾ ഖുർബാനിയുടെ ദൃശ്യം വളരെ ഇഷ്ടപ്പെടുന്നയാളാണെന്ന് നബി(സ) ആദ്യമേതന്നെ പറഞ്ഞിരുന്നു. അതുകൊണ്ടാണ് അയാൾ ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ നബി(സ) പറഞ്ഞത്. അയാൾ സ്വഹാബിമാരുടെ ഈ പെരുമാറ്റം കണ്ടപ്പോൾ പറഞ്ഞു, സുബ്ഹാനല്ലാഹ് സുബ്ഹാനല്ലാഹ്, ഇവർ ഹാജിമാരാണ്. ബയ്ത്തുല്ലായിൽ ത്വവാഫ് ചെയ്യുന്നതിൽനിന്ന് ഇവരെ എങ്ങനെ തടയാനാണ്. അങ്ങനെ അദ്ദേഹം പെട്ടെന്ന് ഖുറയ്ശികളിലേക്ക് തിരിച്ചുപോയി. അവരോട് പറഞ്ഞു: മുസ്‌ലിംകൾ തങ്ങളുടെ മൃഗങ്ങളുടെ കഴുത്തിൽ ഖുർബാനിയുടെ മാലയിട്ടിരിക്കുന്നത് ഞാൻ കണ്ടിരിക്കുന്നു. അവയുടെമേൽ ഖുർബാനിയുടെ അടയാളമിട്ടിരിക്കുന്നത് ഞാൻ കണ്ടു. അതുകൊണ്ട് കഅ്ബ ത്വവാഫ് ചെയ്യുന്നതിൽനിന്ന് അവരെ തടയുന്നത് ഒരിക്കലും ശരിയല്ല."

എന്തായാലും അവിടെ രണ്ടുതരം അഭിപ്രായം നിലനിന്നിരുന്നു. ഒരുകൂട്ടർ ത്വവാഫ് ചെയ്യാൻ അനുവാദം കൊടുക്കണമെന്ന് ആഗ്രഹിച്ചിരുന്നു. മറ്റേക്കൂട്ടർ അനുവാദം നല്കാൻ ആഗ്രഹിക്കാത്തവരായിരുന്നു. എന്തായാലും ആ വർഷം ഹജ്ജ് ചെയ്യേണ്ട എന്ന തീരുമാനമാണുണ്ടായത്. പിന്നീട് അല്ലാഹു അതിന് നല്ല ഫലമാണുണ്ടാക്കിയത്.

മക്കാ വിജയാവസരത്തെക്കുറിച്ച് ചരിത്രത്തിൽ അബൂസുഫ്‌യാന്റെ ഒരു സംഭവവിവരണം രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അത്

തന്റേതായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. അബൂസുഫ്യാനെ അറസ്റ്റ് ചെയ്ത് നബി(സ)യുടെ സവിധത്തിൽ ഹാജരാക്കിയപ്പോൾ, നബി(സ) അദ്ദേഹത്തോട് എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക എന്നു പറഞ്ഞു. 'അല്ലാഹുവിന്റെ റസൂലേ,(സ) താങ്കൾ താങ്കളുടെ ജനതയോട് ദയ കാണിക്കുകയില്ലേ? അങ്ങ് വളരെ ഉദാരനും ദയാലുവുമാണ്. ഞാൻ അങ്ങയുടെ ബന്ധുവാണ്. സഹോദരനാണ്. എനിക്ക് മാന്യത ലഭിക്കണം. കാരണം ഞാൻ ഇപ്പോൾ മുസ്‌ലിമുമായിരിക്കുന്നു.' നബി(സ) പറഞ്ഞു, താങ്കൾ മക്കയിൽപോയി, അബൂസുഫ്യാന്റെ വീട്ടിൽ പ്രവേശിക്കുന്നവർക്ക് അഭയം നല്കപ്പെടുമെന്ന് വിളംബരം ചെയ്യുക. പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, എന്റെ വീട്ടിൽ അതിനുമാത്രം ആളുകൾക്ക് പ്രവേശിക്കാൻ സൗകര്യമില്ലല്ലോ. ഇത്രവലിയ പട്ടണത്തിൽനിന്ന്, എത്രയാളുകൾക്ക് അവിടെ അഭയം പ്രാപിക്കാൻ കഴിയും? നബി(സ) പറഞ്ഞു, താങ്കൾ പോയി, കഅ്ബ ദേവാലയത്തിൽ വരുന്നവർക്ക് അഭയം നല്കപ്പെടുമെന്ന് വിളംബരം ചെയ്യുക. അബൂസുഫ്യാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, കഅ്ബ ദേവാലയവും ചെറിയ സ്ഥലമാണ്. അതിൽ എത്ര പേർക്ക് അഭയം ലഭിക്കാനാണ്. നബി(സ) പറഞ്ഞു, പോവുക, എന്നിട്ട് തങ്ങളുടെ വീടുകളുടെ കതകുകളടച്ച് ഉള്ളിൽ ഇരിക്കുന്നവർക്ക് അഭയം നല്കപ്പെടുമെന്ന് വിളംബരം ചെയ്യുക. ഇതുകേട്ടപ്പോൾ തെരുവുകളിൽ കിടക്കുന്നവർ എവിടെ പോകുമെന്ന് അബൂസുഫ്യാൻ ചോദിച്ചു. നബി(സ) പറഞ്ഞു. അത് ശരി. പിന്നീട് നബി(സ) ഒരു കൊടിയുണ്ടാക്കുകയും അത് ബിലാലിന്റെ കൊടിയണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അബീറവിയ്യാ ഒരു സഹാബിയാണ്. നബി(സ) മദീനയിൽ വന്ന മുഹാജിറുകളേയും അവരെ സഹായിച്ച അൻസാറുകളേയും പരസ്പരം സഹോദരന്മാരാക്കിയപ്പോൾ അബീറവിയ്യായെ ബിലാലിന്റെ സഹോദരനാക്കിയിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: അവിടെ അപ്പോൾ ബിലാൽ(റ) ഉണ്ടായിരുന്നില്ല. അതിന്റെ കാരണം അവ്യക്തമാണ്. എന്തായാലും ബിലാലിന്റെ ആ കൊടി അബീ റവിയ്യായെ നബി(സ) ഏല്പിച്ചു. എന്നിട്ട് പറഞ്ഞു. ഇത് ബിലാലിന്റെ കൊടിയാണ്. ഇതും പിടിച്ച് നാലുംകൂടിയ സ്ഥലത്തുപോയി, ഈ കൊടിക്കീഴിൽ വരുന്നവർക്ക് അഭയം നല്കപ്പെടുമെന്ന് വിളിച്ചുപറയുക. അബൂ സുഫ്യാൻ പറഞ്ഞു. അതു ശരി. ഇത്രമതി.

മക്കയിലെ ഖുറയ്ശികളുടെ നേതാവായിരുന്നു അദ്ദേഹം. അദ്ദേഹം സ്വയം ആയുധങ്ങൾവെച്ച് കീഴടങ്ങിയിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൽ ഒരുവിധത്തിലുള്ള പരിഭ്രമവുമുണ്ടായില്ല. അങ്ങനെ അദ്ദേഹം മക്കയിലെത്തി. അദ്ദേഹം വിളംബരം ചെയ്യാൻ തുടങ്ങി; എല്ലാവരും അവരവരുടെ വാതിലുകൾ അടച്ചുകൊള്ളുക. ആരും പുറത്തിറങ്ങരുത്. അല്ലെങ്കിൽ കഅ്ബാ ദേവാലയത്തിലേക്ക് പോകുക. ഈ കൊടി ബിലാലിന്റേതാണ്. ഇതിന്റെ കീഴിൽ വരുന്നവർക്ക് അഭയം നല്കപ്പെടും. അവർ ചോദ്യം ചെയ്യപ്പെടുകയില്ല. പക്ഷേ, ആയുധം കൈവശം വെച്ചിട്ടുള്ളവർ വെളിയിൽ കൊണ്ടുവന്ന് അത് വലിച്ചെറിയേണ്ടതാണ്. അപ്പോൾ തങ്ങൾ കൈവശം വെച്ചിരുന്ന ആയുധങ്ങൾ അവർ വെളിയിൽ കൊണ്ടുവന്നിടാനും ഹദ്റത്ത് ബിലാൽ(റ)ന്റെ കൊടിക്കീഴിൽ അണിനിരക്കാനും തുടങ്ങി.

ഇതിൽ പ്രധാനപ്പെട്ട കാര്യം ബിലാലിന്റെ കൊടിയാണെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞിരിക്കുന്നു. നബി(സ) തിരുമേനി ബിലാലിന്റെ പേരിൽ കൊടിയുണ്ടാക്കുകയും അദ്ദേഹത്തിന്റെ കൊടിക്കീഴിൽ വരുന്നവർക്ക് അഭയം നല്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. വാസ്തവത്തിൽ മുഹമ്മദ് റസൂലുല്ലാഹി(സ) ആയിരുന്നു നേതാവ്. എന്നാൽ, നബി(സ) തന്റെ പേരിൽ കൊടി ഉയർത്തിയില്ല. നബി(സ)ക്ക് ശേഷം ഏറ്റവുമധികം ത്യാഗം വരിച്ചത് ഹദ്റത്ത് അബൂബക്കർ ആയിരുന്നു. അതിനുശേഷം ഉമറും, ഉസ്മാനും, അലിയുമൊക്കെ(റ) ആ പട്ടികയിൽ വരുന്നുണ്ട്. പക്ഷേ, ഇവരുടെ ആരുടെ പേരിലും കൊടിയുയർത്തിയില്ല. ഇതിനുപുറമെ ഖാലിദ് ബിൻ വലീദിനെപോലുള്ള നേതാക്കന്മാരുമുണ്ടായിരുന്നു. ആരുടെ പേരിലും നബി(സ) കൊടിയുയർത്തിയില്ല. അത് ഉയർത്തിയത് ബിലാൽ(റ)ന്റെ പേരിലായിരുന്നു. ഇതിന് കാരണമെന്തായിരുന്നുവെന്ന് നബി (സ) വിവരിക്കുന്നുണ്ട്.

കഅ്ബ ദേവാലയത്തിനടുത്ത് ഭയന്നുവിറച്ചുകൊണ്ട് മക്കക്കാർ നില്ക്കുന്നത് ഹദ്റത്ത് അബൂബക്കർ(റ) കാണുന്നുണ്ടായിരുന്നു. ശിക്ഷ ലഭിക്കാൻ പോകുന്നത് തന്റെ സഹോദരങ്ങൾക്കാണെന്ന് അദ്ദേഹം അറിഞ്ഞു. അദ്ദേഹം നബി(സ)യോട് നേരിട്ട് ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, നമ്മുടെ സഹോദരങ്ങളെ നമ്മൾ മർദ്ദിക്കുമോ? മുസ്‌ലിംകളോട് അവർ ചെയ്ത അക്രമങ്ങൾ അവർ മറന്നുകഴിഞ്ഞിരുന്നു.

ഈ അവിശ്വാസികളോട് പകരം ചോദിക്കാൻ ഉമർ പറഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ മനസ്സിൽ അവർ തങ്ങളുടെ സഹോദരങ്ങളാണെന്നും പൊറുത്തുകൊടുത്താൽ നല്ലതാണെന്നുമുള്ള ചിന്ത തീർച്ചയായും ഉണ്ടായിട്ടുണ്ടാകും. ഇപ്രകാരംതന്നെ ഉസ്മാനും അലിയും മറ്റു നേതാക്കന്മാരുമൊക്കെ അവിടെ സന്നിഹിതരായിരുന്നു. എല്ലാവരിലും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ മക്കക്കാരോട് ദയ കാണാ

മായിരുന്നു.

ഇവരിൽ ഒരാൾക്കു മാത്രമായിരുന്നു മക്കയിൽ ബന്ധുക്കളാരും ഇല്ലാതിരുന്നത്. അദ്ദേഹത്തിന് മക്കയിൽ ഒരു ശക്തിയുമുണ്ടായിരുന്നില്ല. ഒരു കൂട്ടുകാരനും ഉണ്ടായിരുന്നില്ല. നിസ്സഹായനായ കാരണത്താൽ അബൂബക്കറിന്റേയും ഉമറിന്റെയും ഉസ്മാന്റെയും അലിയുടെയും നബി(സ) തിരുമേനിയുടെയുംമേൽ ഉണ്ടാകാത്ത പീഡനം അദ്ദേഹത്തിനേല്ക്കേണ്ടിവന്നു. ആ വ്യക്തി ഹദ്റത്ത് ബിലാൽ(റ) ആണ്. ചുട്ടുപഴുത്ത മണലിൽ അദ്ദേഹത്തെ നഗ്നനാക്കി കിടത്തുകയും ആണിതറച്ചിട്ടുള്ള പാദുകം ധരിച്ച് ചെറുപ്പക്കാർ അദ്ദേഹത്തിന്റെ നെഞ്ചത്തു കയറി ഡാൻസ് കളിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിനെ കൂടാതെയും ആരാധ്യരുണ്ടെന്ന് പറയാനും മുഹമ്മദ് റസൂലുല്ലാഹ് കള്ളനാണെന്ന് പ്രഖ്യാപിക്കാനും അവർ അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടിരുന്നു. നഊദുബില്ലാഹ്. ബിലാൽ (റ) അടികൊള്ളുമ്പോൾ തന്റെ ഹബ്ശി ഭാഷയിൽ 'അസ്ഹദു അൻല്ലായിലാഹ ഇല്ലല്ലാഹ്, അസ്ഹദു അൻല്ലായിലാഹ ഇല്ലല്ലാഹ് എന്നുറക്കെ പറഞ്ഞുകൊണ്ടിരുന്നു. എത്ര വേണമെങ്കിലും അക്രമം ചെയ്തുകൊള്ളുക. അല്ലാഹു ഏകനാണെന്ന് ഞാൻ കണ്ടറിഞ്ഞിരിക്കുന്നു. പിന്നെങ്ങനെ എനിക്ക് ദൈവം രണ്ടുണ്ടെന്ന് പറയാൻ കഴിയും. മുഹമ്മദ് റസൂൽ(സ) അല്ലാഹുവിന്റെ റസൂലാണെന്ന് എനിക്കറിയാം. അങ്ങനെ വരുമ്പോൾ എങ്ങനെയാണ് അദ്ദേഹം കള്ളനാണെന്ന് ഞാൻ പറയുക.' ഇത് കേൾക്കുമ്പോൾ ശത്രുക്കൾ വീണ്ടും അദ്ദേഹത്തെ മർദ്ദിക്കുമായിരുന്നു. തണുപ്പിലും ചൂടിലും നഗ്നനാക്കി കല്ലിലൂടെ വലിച്ചിഴയ്ക്കുമായിരുന്നു. അദ്ദേഹത്തിന്റെ തൊലി ഉരിഞ്ഞുപോകുമായിരുന്നു. പക്ഷേ, എപ്പോഴും അദ്ദേഹം പറഞ്ഞത് അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ സത്യദൂതനാണെന്നുമായിരുന്നു.

ഹദ്റത്ത് ബിലാലിന്റെ മനസ്സിൽ ആ ഘട്ടത്തിൽ തന്നോട് ചെയ്ത അക്രമത്തിന് പകരം ചോദിക്കപ്പെടുമെന്നും താൻ സഹിച്ച പീഡനങ്ങൾക്ക് തനിക്ക് പ്രതിഫലം നല്കപ്പെടുമെന്നും തോന്നിയിട്ടുണ്ടാകും. പക്ഷേ, അബൂ സുഫ്യാന്റെ വീട്ടിൽ പ്രവേശിക്കുന്നവർക്കും കഅ്ബാ ദേവാലയത്തിൽ വരുന്നവർക്കും ബിലാലിന്റെ കൊടിക്കീഴിൽ അണിനിരക്കുന്നവർക്കുമെല്ലാം അഭയം നല്കപ്പെടുമെന്ന് നബി(സ) വിളംബരം ചെയ്തപ്പോൾ, തന്റെ സഹോദരങ്ങൾക്ക് മാപ്പ് കൊടുത്തുകൊണ്ട് നബി(സ) പ്രവർത്തിക്കുന്നത് നല്ലതുതന്നെയെന്ന് ബിലാലിന്റെ മനസ്സ് തീർച്ചയായും മന്ത്രിച്ചിട്ടുണ്ടാകും. പക്ഷേ, തന്നോട് ചെയ്തതിന് എങ്ങനെയാണ് അവരോട് പകരം വീട്ടുക എന്നറിയാൻ ബിലാലിന് ആകാംക്ഷയും ഉണ്ടായിട്ടുണ്ടാകണം. എന്തുകൊണ്ടെന്നാൽ, അന്നത്തെ ദിവസം വിഷമം ഏറെയുണ്ടാകുന്നത് ആരോരുമില്ലാത്ത അദ്ദേഹത്തിനായിരിക്കും. കാരണം അദ്ദേഹത്തിന്റെമേൽ അതിരറ്റ നിലയിൽ അക്രമം ചെയ്യപ്പെട്ടിരുന്നു. പക്ഷേ, ഹദ്റത്ത് ബിലാലിനോട് ചെയ്ത അക്രമത്തിന് പകരം വീട്ടാൻ നബി(സ) ഒരു പുതിയ രീതിയാണ് അവലംബിച്ചത്. തന്റെ നുബുവ്വത്തിന്റെ പ്രൗഢി നിലനില്ക്കുകയും ബിലാലിന്റെ ഹൃദയം സന്തോഷിക്കുകയും ചെയ്യുന്ന വിധത്തിൽ താൻ ബിലാലിനുവേണ്ടി പകരം വീട്ടുമെന്ന് നബി(സ) നിശ്ചയിച്ചുറച്ചു. അതുകൊണ്ട് നബി(സ) കല്പിച്ചു: ബിലാലിന്റെ പേരിൽ കൊടിയുയർത്തുക. എന്നിട്ട് മക്കയിലെ നേതാക്കന്മാർ അതിന്റെ കീഴിൽ അഭയം പ്രാപിച്ചുകൊള്ളാൻ പ്രഖ്യാപിക്കുക. അവർ എത്തരക്കാരായിരുന്നു? പാദുകം ധരിച്ചുകൊണ്ട് ബിലാലിന്റെ നെഞ്ചിൽ കയറി ഡാൻസ് ചെയ്തിരുന്നവരായിരുന്നു അവർ. അദ്ദേഹത്തിന്റെ കാലിൽ കയർ കെട്ടി വലിച്ചുകൊണ്ട് നടന്നവരായിരുന്നു അവർ. ചുട്ടുപഴുത്ത മണലിൽ കിടത്തിയവരായിരുന്നു അവർ. അല്ലാഹു ഒന്നല്ല, അനവധിയുണ്ടെന്ന് പറയാൻ അദ്ദേഹത്തെ നിർബന്ധിച്ചവരായിരുന്നു അവർ. മുഹമ്മദ്(സ) അല്ലാഹുവിന്റെ നബിയല്ലെന്ന് പറയാൻ ശാഠ്യം പിടിച്ചവരായിരുന്നു അവർ. തങ്ങൾ പറയുന്നതുപോലെ കേട്ടാൽ രക്ഷിക്കാമെന്നും സ്വതന്ത്രനാക്കാമെന്നും പറഞ്ഞവരായിരുന്നു അവർ. അങ്ങനെയുള്ള നേതാക്കന്മാരോടാണ് ബിലാലിന്റെ കൊടിക്കീഴിൽ അണിനിരക്കാൻ നബി(സ) പറയുന്നത്. ഇന്ന് ഈ ബിലാലിന്റെ കൊടിക്കീഴിൽ വന്നെങ്കിൽ മാത്രമേ നിങ്ങളുടേയും നിങ്ങളുടെ ഭാര്യാമക്കളുടേയും ജീവൻ ബാക്കിയാവുകയുള്ളൂ."

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു, ഞാൻ മനസ്സിലാക്കുന്നത് ലോകം ഉണ്ടായകാലം മുതൽ, മനുഷ്യന് ശക്തി ലഭിച്ച കാലം മുതൽ, മനുഷ്യൻ കൊലപാതകത്തിനു പകരംവീട്ടാൻ തുടങ്ങിയ കാലം മുതൽ ഇത്തരം മഹത്തായ പ്രതിക്രിയ ആരും നടത്തിയിട്ടുണ്ടാവില്ല.

അങ്ങനെ ബിലാലിന്റെ കൊടി കഅ്ബ ദേവാലയത്തിനു മുമ്പിൽ നാട്ടപ്പെട്ടു. അദ്ദേഹത്തെ ചവിട്ടിമെതിച്ച അറേബ്യൻനേതാക്കന്മാർ തങ്ങളുടെ ഭാര്യാ മക്കളുടെ കൈകൾ പിടിച്ചുകൊണ്ട് ഓടിയോടി ആ കൊടിക്കീഴിൽ വന്നുനില്ക്കാൻ തുടങ്ങി. ആ സമയത്ത് ഹദ്റത്ത ബിലാലിന്റെ ആത്മാവും ശരീരവും നബി(സ)യുടെ പ്രവർത്തിയിൽ അത്യധികം ആഹ്ലാദിച്ചിരിക്കണം. ഇവരോട് ആയുധം കൊണ്ടാണോ, അതല്ല മറ്റു വല്ല മാർഗ്ഗത്തിലുമാണോ പകരം വീട്ടുന്നതെന്ന് ബിലാലിന്

അറിയില്ലായിരുന്നു. പക്ഷേ, തന്റെ നെഞ്ചിൽ കയറി നിന്നിരുന്ന ഓരോരുത്തരുടേയും ശിരസ് തന്റെ കാൽചുവട്ടിൽ കുനിച്ചുകൊണ്ട് നബി(സ) പ്രതിക്രിയ നടത്തുന്നതാണ് ബിലാൽ(റ) കണ്ടത്. യുക്തിനിർഭരമായ ആ വിധി, ബിലാലിന്റെ കൊടിക്കീഴിൽ വന്നവരോട്, നിങ്ങൾ അടിമയാക്കി വെച്ചിരുന്ന വ്യക്തിയെ, മക്കയിൽ ആരോരുമില്ലാതിരുന്ന വ്യക്തിയെ, നിങ്ങൾ നിസ്സാരനെന്ന് കരുതുകയും പുറംകാൽകൊണ്ട് തട്ടുകയും ചെയ്തിരുന്ന വ്യക്തിയെ ഇന്ന് നിങ്ങൾ നല്ലവണ്ണം നോക്കികാണുക എന്നു പറയുകയായിരുന്നു. നിങ്ങൾ ശക്തവാന്മാരല്ല. വിജയികളും നിങ്ങളല്ല. പ്രതാപവാന്മാരും നിങ്ങളല്ല. നിങ്ങൾ കേട്ടുകൊള്ളുക, പ്രതാപവാൻ ബിലാലിന്റെ അല്ലാഹുവാണ്. പ്രതാപവാൻ ഹദ്റത്ത് മുഹമ്മദ്(സ) യുടെ അല്ലാഹുവാണ്. മുഹമ്മദ്(സ) മഹോന്നതനും പ്രതാപവാനുമായ അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ സ്വായത്തമാക്കിയ വ്യക്തിയാണ്. അഹങ്കാരവും പൊങ്ങച്ചവും ഒന്നുമില്ലാതെ ആ മഹാത്മാവ് വിജയത്തിനു ശേഷം ശത്രുക്കളോട് മധുരമായി പകരം വീട്ടുന്നു. അദ്ദേഹം കോപാന്ധനായിക്കൊണ്ട് ശത്രുക്കളെ ഉന്മൂലനം ചെയ്യാൻ മുതിരുന്നില്ല. മറിച്ച്, യുക്തിപൂർവ്വമായ നിലയിൽ പകരം ചോദിക്കാനുള്ള തീരമാനമാണ് എടുക്കുന്നത്. നിങ്ങൾക്ക് നിങ്ങളുടെ തെറ്റുകളിലേക്ക് തിരിഞ്ഞുനോക്കാൻ അവസരം നൽകുന്നു.

ഇന്ന് ആ യുക്തിനിർഭരമായ അറിവ് നമ്മോടാവശ്യപ്പെടുന്നത്, ആ പ്രതാപവാനായ അല്ലാഹുവിനെ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുക എന്നതാണ്. ശത്രുക്കളോട് പറയുക, നിങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും വില കുറഞ്ഞ മനുഷ്യനായിരുന്നു ബിലാൽ. എന്നല്ല നിങ്ങൾ അദ്ദേഹത്തെ മൃഗത്തേക്കാൾ മോശമായി കരുതിയിരുന്നു. ഇന്ന് ആ വ്യക്തിയുടെ കൊടിക്കീഴിൽ അഭയം തേടാനാണ് പറഞ്ഞത്. നിങ്ങൾ ബിലാലിനോട് അക്രമം ചെയ്യുകയും നിങ്ങളെ പ്രതാപവാനായി നിങ്ങൾ സ്വയം മനസ്സിലാക്കുകയും ചെയ്തു. എന്നിട്ട് നിങ്ങളുടെ ദൃഷ്ടിയിൽ നിന്ദ്യനും അറിവില്ലാത്തവനുമായ ഈ വ്യക്തി താൻ സ്വീകരിച്ച സത്യത്തിൽനിന്ന് പിന്മാറുമെന്ന് നിങ്ങൾ ധരിച്ചു. നിങ്ങളുടെ ദൃഷ്ടിയിൽ വിവരംകെട്ട മതമായ ഇസ്‌ലാമിൽനിന്ന് അദ്ദേഹം പിന്മാറുമെന്ന് നിങ്ങൾ കരുതി. നിങ്ങളുടെ നേതാവ് അബുൽ ഹകം എന്നാണറിയപ്പെട്ടിരുന്നത്. അയാളുടെ കല്പനയാലാണ് നിങ്ങൾ ഇതെല്ലാം ചെയ്തുകൂട്ടിയത്. അങ്ങനെയുള്ള നിങ്ങളോട് ഇങ്ങനെയും പറയാൻ വേണ്ടിയായിരുന്നു ഈ യുക്തിനിർഭരമായ വിധി ഉണ്ടായത്. ‘നിങ്ങൾ നിങ്ങളെ ബുദ്ധിമാന്മാരാണെന്ന് മനസ്സിലാക്കിയിരുന്നു. നാമധാരിയായ അബുൽ ഹകമിന്റെ പിന്നാലെ കൂടിയിരുന്നു. യഥാർത്ഥത്തിൽ അയാൾ അജ്ഞതയുടെ പിതാവായ അബൂ ജഹ്ൽ ആയിരുന്നു. നിങ്ങൾ അല്ലാഹുവിനെ പ്രതാപവാനായി മനസ്സിലാക്കിയിരുന്നില്ല. നിങ്ങളുടെ ബിംബങ്ങളെയാണ് പ്രതാപത്തിന്റെ ഉടമസ്ഥരായി കണ്ടത്. നിങ്ങൾ നല്ലവണ്ണം നോക്കിക്കാണുക. അറിവും ആദരവും നിങ്ങളുടെ കൈയിലുണ്ടോ? നിങ്ങളുടെ നേതാക്കന്മാരുടെ കൈയിലോ നിങ്ങളുടെ ബിംബങ്ങളുടെ കൈയിലോ ഉണ്ടോ? അതല്ല നിരാലംബനും ലോകദൃഷ്ടിയിൽ നീഗ്രോ അടിമയുമായ ആ ബിലാലിന്റെ പക്കലാണോ അതുള്ളത്? അദ്ദേഹം തന്റെ അറിവും മനഃപരിശുദ്ധിയും വിവേകവും കൊണ്ട് അല്ലാഹുവിൽനിന്ന് വന്ന ആ പ്രകാശത്തെ തിരിച്ചറിഞ്ഞു. ആ മഹാത്മാവിന് വിജയം വിധിക്കപ്പെട്ടിരുന്നു. ഇന്ന് പ്രതാപവാനും യുക്തിജ്ഞനുമായ അല്ലാഹുവിനെ വിശ്വസിക്കുന്ന ഈ അടിമയുടെ കൊടിക്കീഴിൽ നിങ്ങൾ വരണം. ആ ബിലാലിന്റെ ജ്ഞാനം തന്റെ റബ്ബിന്റെ നിറത്തിൽ നിറം പൂശിക്കൊണ്ട് ഇന്ന് കൂടുതൽ ശക്തിയോടെ പുറത്തുവന്നിരിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ യുക്തിയും നിങ്ങൾ ഇന്ന് മനസ്സിലാക്കിക്കൊള്ളുക. മനുഷ്യന്റെ ശക്തിയൊന്നുമല്ല. അതൊരിക്കലും വിജയം വരിക്കുകയുമില്ല. അതിന് നിലനില്പുമില്ല. മനുഷ്യനെ സൃഷ്ടികുലോത്തമനാക്കി അറിവ് നല്കി അല്ലാഹു അനുഗ്രഹിച്ചിട്ടുണ്ടെങ്കിൽ അത് ശരിയായ നിലയിൽ വിനിയോഗിക്കണം. മറ്റു മനുഷ്യരുടെ ബുദ്ധിയേയും മനസ്സിനേയും മതസ്വാതന്ത്ര്യത്തെയും ഹനിക്കാതിരിക്കുക. മറ്റുള്ളവരുടെ വികാരത്തെ മാനിക്കുക. മാനിക്കാതിരിക്കുക എന്നത് ബുദ്ധിയില്ലായ്മയാണ്.

നബി(സ) തന്റെ ഈ പ്രവൃത്തിയിലൂടെ മക്കയിലെ ഖുറയ്ശികൾക്കും അവരുടെ നേതാക്കന്മാർക്കും മനസ്സിലാക്കിക്കൊടുത്തത് പ്രതാപവാൻ അല്ലാഹു മാത്രമാണെന്നായിരുന്നു. സാഹചര്യം കൊണ്ട് ആരെങ്കിലും നിങ്ങളുടെ കീഴിൽ വന്നിട്ടുണ്ടെങ്കിൽ അവരെ അടിമത്വത്തിന്റെ ചക്കിലിട്ട് പീഡിപ്പിക്കാതിരിക്കുക. കാരണം അവസ്ഥകൾ മാറി മറിഞ്ഞുവരുമ്പോൾ നിങ്ങളും ജീവിതത്തിനുവേണ്ടി യാചിച്ചുനടക്കുന്നവരായി തീർന്നേക്കാം.

റസൂൽ(സ) ഈ വിളംബരം ചെയ്തുകൊണ്ട് ഈ യുക്തിനിർഭരമായ വിധിയിലൂടെ മക്കയിലെ ഖുറയ്ശികളെ ശിക്ഷയിൽനിന്ന് രക്ഷിച്ചതോടൊപ്പം ഇന്നുമുതൽ അടിമത്തവും അവസാനിക്കുന്നുവെന്ന് പ്രവർത്തിയിലൂടെ കാണിക്കുകയും ചെയ്തു. അടിമത്തം ഇന്നോടെ അവസാനിക്കുകയാണ്. ഇന്ന് ***ലാ തഥ്‌രീബ അലയ്ക്കുമുൽയൗമ*** എന്ന വിളംബരം എന്റേതുമാത്രമല്ല. പ്രത്യുത, എന്നെ വിശ്വസിക്കുന്നവരുടേതും കൂടിയാണ്. എന്നല്ല, ആ വിശ്വാസികളിൽ ഒന്നിനും കഴിവില്ലാത്തവരുടേതുമാണ്. നിങ്ങൾ അടിമകളെ ചക്കിലിട്ടാട്ടി.

ഈ മനോഹരമായ വിധി ബിലാലിനും പാഠം നല്കുന്നതായിരുന്നു. "അല്ലയോ ബലഹീനനായ മനുഷ്യാ, നീ കുറച്ചുനാൾ മുമ്പേ നിനക്കുണ്ടായിരുന്ന അറിവ് കൊണ്ട് അല്ലാഹുവിന്റെ നബിയെ തിരിച്ചറിഞ്ഞു. ഇന്ന് നിന്റെ ആ അറിവ് കൂടുതൽ തിളക്കമുള്ളതായിരിക്കുകയാണ്. ഇന്ന് നിന്റെ കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ട് അവർക്ക് അഭയം നല്കുക. നിന്റെ മുമ്പിൽ മുട്ട് മടക്കുന്നവരെ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാക്കുക." പിന്നീട് ലോകം കണ്ടത് അത് അതുപോലെ പുലരുന്നതാണ്. മുസ്‌ലിംകളോട് അക്രമം ചെയ്തിരുന്നവരും അല്ലാഹുവിന്നെതിരിൽ ബിംബങ്ങളുടെ മുമ്പിൽ കുനിഞ്ഞിരുന്നവരുമെല്ലാം അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരായിത്തീർന്നു.

ഇൻശാഅല്ലാഹ് ഈ ദൃശ്യം ആവർത്തിക്കപ്പെടുന്നതാണെന്ന് അഹ്മദികൾ ഓർത്തുകൊള്ളുക. നമ്മൾ ആരോടും ശത്രുതയുടെ പ്രതികാരം അക്രമം കൊണ്ട് ചെയ്യരുത്. മറിച്ച്, റസൂൽ(സ) നമ്മുടെ മുമ്പിൽ സമർപ്പിച്ച തന്റെ ജീവിതമാതൃക നാം സ്വായത്തമാക്കുക. അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുക്കളും ഓർമ്മിച്ചുകൊള്ളുക. നിങ്ങൾ അഹ്മദികളെ ഇന്ന് വിവരമില്ലാത്തവരായി മനസ്സിലാക്കുന്നു. വാഗ്ദത്ത മസീഹിനെ വിശ്വസിച്ചുകൊണ്ട് തെറ്റായ തീരുമാനമാണ് ഞങ്ങൾ എടുത്തതെന്ന് കരുതുന്നു. വിവരമില്ലാത്തവരാരെന്നും വിവരമുള്ളവരാരെന്നും ശരിയായ തീരുമാനമെടുത്തവരാരെന്നും തെറ്റായ തീരുമാനമെടുത്തവരാരെന്നും കാലം തെളിയിക്കും.

അതുകൊണ്ട് എതിർപ്പുകൾ നിറുത്തുക. പ്രതാപവാനായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. അവനിൽനിന്ന് അറിവ് നേടുക. അഹ്മദികളുടെ മേലുണ്ടായിക്കൊണ്ടിരിക്കുന്ന ഈ അക്രമം അധികനാൾ ഇൻശാഅല്ലാഹ് പോവുകയില്ല. വിജയം നമ്മുടേതാണ്. തീർച്ചയായും നമുക്കുള്ളതാണ്. ഇന്ന് ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്. ഇൻശാഅല്ലാഹ്. ഈ ദൃശ്യം അടുത്തുവരുന്നു. ആ ദിനം ദൂരത്തല്ല.

അക്രമം അഹ്മദികളുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. മുസ്‌ലിം ഭരണകൂടങ്ങളിൽ ഇത് അധികമാണ്. മൗലവിമാരുടെ ശക്തികേന്ദ്രങ്ങളിലും അധികമായിട്ട് അക്രമമുണ്ടാകുന്നുണ്ട്. ഇന്നും ശഹാദത്തിന്റെ വേദനാജനകമായ ഒരു അറിയിപ്പ് ലഭിച്ചിരിക്കുന്നു. ശേഖോപ്പൂരയിലെ ഹുമയൂൺ വഖാർ സാഹിബിനെ ഡിസംബർ 7-ന് അജ്ഞാതരായ ചിലർ ശഹീദാക്കി. തന്റെ കടയിലിരിക്കുമ്പോൾ ശത്രുക്കൾ വന്ന് വെടിവെച്ച് ശഹീദാക്കുകയായിരുന്നു. 32 വയസ്സായിരുന്നു. വലിയ മാന്യനായിരുന്നു. ശേഖപ്പൂര ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസിലെ സജീവപ്രവർത്തകനായിരുന്നു. നാസിം തർബിയ്യത്ത് നൗ മുബായിഈൻ ആയിരുന്നു അദ്ദേഹം.

ഇൻശാഅല്ലാഹ്. ഈ ശഹീദുമാരുടെ രക്തം തീർച്ചയായും അതിന്റെ നിറം കാണിക്കുന്നതാണ്. കാണിക്കാൻ പോകുകയാണ്. അതിൽ നമുക്ക് സംശയമൊന്നുമില്ല. പക്ഷേ, എതിരാളികൾ ചിന്തിക്കുകയും മുൻകഴിഞ്ഞ സംഭവങ്ങളിൽനിന്ന് പാഠം പഠിക്കുകയും ചെയ്യേണ്ടതാണ്. പിന്നീട് ലജ്ജിക്കേണ്ടി വരാൻ ഇടയാകുന്നതരത്തിലുള്ള അതിക്രമങ്ങളൊന്നും ചെയ്യാതിരിക്കുന്നതാണ് നല്ലത്.

അല്ലാഹു പരേതാത്മാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ ബന്ധുക്കൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഇൻശാഅല്ലാഹ് ഞാൻ ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 14.12.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala